# കേരളസർവകലാശാല

നം.പി.ആർ.166 (a)/2023 തിരുവനന്തപുരം, തീയതി: 15/08/2023

## പത്രക്കുറിപ്പ്

## കേരളസർവകലാശാലയിൽ വൈസ് ചാൻസലർ സ്വാതന്ത്ര്യദിനത്തിൽ ദേശീയപതാക ഉയർത്തി

77–ാം സ്വാതന്ത്ര്യദിനം കേരളസർവകലാശാലയിൽ സമുചിതമായി ആചരിച്ചു. കേരളസർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ ദേശീയപതാക ഉയർത്തുകയും സ്വാതന്ത്ര്യദിനസന്ദേശം നൽകുകയും ചെയ്തു. കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ ക്യാമ്പസ് ഡയറക്ടർ ഡോ.ജോസുകുട്ടി സി.എ. ദേശീയപതാക ഉയർത്തി. സിൻഡിക്കേറ്റ് അംഗം ഡോ.ഗോപ്ചന്ദ്രൻ കെ.ജി., രജിസ്ട്രാർ ഡോ.കെ.എസ്.അനിൽകുമാർ, പരീക്ഷാ കൺട്രോളർ ഡോ.എൻ.ഗോപകുമാർ, ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഡോ.റസിയ കെ.ഐ., റിസർച്ച് ഡയറക്ടർ ഡോ.ആർ.ബി. ബിനോജ് കുമാർ, സർവകലാശാല ജീവനക്കാർ എന്നിവർ പങ്കെടുത്തു. സർവകലാശാല ജീവനക്കാരുടെ 'മ്യൂസിക് ലവേഴ്സ് ഫോറം' ചടങ്ങിൽ ദേശഭക്തി ഗാനങ്ങൾ ആലപിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries[helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)
**website:** [www.keralauniversity.ac.in](http://www.keralauniversity.ac.in)

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**